Std. 5 - Chapter 2 - Revision - Main points

# പാഠം 2: അബ്രാഹത്തിന്റെ വിളി

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | 1. അബ്രാഹം എന്ന പേരിന്റെ അർത്ഥമെന്ത്? | വലിയ ജനതയുടെ പിതാവ് |
| 2 | അബ്രാഹം ജീവിച്ചിരുന്ന കാലഘട്ടം: | ബി.സി. 19–ാം നൂറ്റാണ്ടിൽ |
| 3 | അബ്രാഹം ജനിച്ചത്: | ദക്ഷിണ മെസോപ്പൊട്ടോമിയായിലെ ഊർ എന്ന സ്ഥലത്ത് |
| 4 | അബ്രാഹത്തിന്റെ ആദ്യ പേര്: | അബ്രാം |
| 5 | അബ്രാഹത്തിന്റെ കുലത്തൊഴിൽ: | കാലിവളർത്തൽ |
| 6 | ദൈവം അബ്രാമിനെ വിളിക്കുന്നത് എവിടെ വച്ച് ? എത്രാം വയസ്സിൽ ? | ഹാരാനിൽ താമസിക്കുമ്പോൾ, 75–ാം വയസ്സിൽ. |
| 7 | അബ്രാം കാനാൻദേശത്ത് ഷെക്കേമിൽ മോറെയുടെ ഓക്കുമരം വരെ എത്തിയപ്പോൾ അവിടെവച്ച് കർത്താവ് അബ്രാമിനു പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തത് എന്ത് ? | "ഈ നാടു നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും " |
| 8 | ദൈവം അബ്രാമുമായി ഉടമ്പടി വച്ചതും മൂന്നു വാഗ്ദാനങ്ങൾ നൽകിയതും എത്രാം വയസ്സിൽ ? | 99–ാം വയസ്സിൽ |
| 9 | 2. ദൈവം തന്റെ ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങൾ ഏവ? | 1. അബ്രാഹം നിരവധി ജനതകളുടെ പിതാവായിരിക്കും, 2. അബ്രാഹത്തിനും സന്തതികൾക്കും ദൈവവുമായി പ്രത്യേക ബന്ധം ഉണ്ടായിരിക്കും, 3. അബ്രാഹത്തിനും സന്തതികൾക്കും കാനാൻദേശം മുഴുവൻ അവകാശമായി നൽകും. |
| 10 | സാറായുടെ ആദ്യ പേര്: | സാറായി. |
| 11 | മൂന്ന് ദൈവദൂതൻമാർ അബ്രാഹത്തിനു പ്രത്യക്ഷപ്പെട്ട് അവന് ഭാര്യയായ സാറായിൽ നിന്ന് ഒരു പുത്രൻ ജനിക്കുമെന്നറിയിച്ചത് എവിടെ വച്ച് ? | കാനാൻ ദേശത്തുള്ള മാമ്രേ താഴ്‌വരയിൽ താമസിക്കുമ്പോൾ |
| 12 | അബ്രാഹത്തിന് തന്റെ ഭാര്യ സാറായിൽനിന്നും ജനിച്ച പുത്രൻ: | ഇസഹാക്ക്. |
| 13 | ഇസഹാക്കിനെ ബലിയർപ്പിക്കാൻ കൊണ്ടുപോയ സ്ഥലം: | മോറിയാ മല. |
| 14 | 3. അബ്രാഹത്തെ പരീക്ഷിക്കുന്നതിനു വേണ്ടി ദൈവം അദ്ദേഹത്തോട് കല്പിച്ചതെന്ത്? | നീ സ്നേഹിക്കുന്ന നിന്റ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്ക് പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം |

| | | |
|---|---|---|
| 15 | ‘‘നമ്മുടെ പക്കൽ തീയും വിറകുമുണ്ടല്ലോ, എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാട് എവിടെ?’’ ആര് ആരോട് എപ്പോൾ പറഞ്ഞു ? | **അബ്രാഹം ഇസഹാക്കിനെ ബലികഴിക്കുവാൻ മോറിയാ ദേശത്തേക്ക് പോവുന്നവഴി ഇസഹാക്ക് അബ്രാഹത്തിനോട് ചോദിച്ചു.** |
| 16 | 16. ‘‘നമ്മുടെ പക്കൽ തീയും വിറകുമുണ്ടല്ലോ, എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാട് എവിടെ?’’ എന്ന് ഇസഹാക്ക് അബ്രാഹത്തിനോട് ചോദിച്ചപ്പോൾ അബ്രാഹം എന്തു പറഞ്ഞു ? | **കുഞ്ഞാടിനെ ദൈവം തന്നെ തരും (ഉൽപത്തി 22:18).** |
| 17 | 17. ജനതകളുടെ പിതാവ് എന്നും വിശ്വാസികളുടെ പിതാവ് എന്നും വിളിക്കുന്നത് ആരേയാണ് ? | **അബ്രാഹത്തെ.** |
| 18 | 4. അബ്രാഹം വിശ്വാസികളുടെ പിതാവായിത്തീർന്നതെങ്ങനെ? | **ദൈവത്തിലുള്ള ശരിയായ വിശ്വാസം നിമിത്തമാണ് അബ്രാഹം വിശ്വാസികളുടെ പിതാവ് എന്ന പദവിയിലേക്ക് ഉയർന്നത്. വിശ്വാസത്തെ ഇളക്കാൻ തക്ക സാഹചര്യം ഉണ്ടായിട്ടും അബ്രാഹം തന്റെ ഉറച്ച വിശ്വാസം പ്രവൃത്തിയിൽ പ്രകടമാക്കി. അങ്ങനെ അദ്ദേഹം വിശ്വാസികളുടെ പിതാവായിത്തീർന്നു.** |
| 19 | 5. അബ്രാഹത്തിന്റെ ജീവിതം നമുക്കു നൽകുന്ന സന്ദേശമെന്ത്? | **വിശ്വാസം പരീക്ഷിക്കപ്പെടുന്ന സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകാം. അപ്പോഴെല്ലാം ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം വാക്കിലും പ്രവൃത്തിയിലും പ്രകടിപ്പിക്കാൻ നമുക്കു കഴിയണം. അബ്രാഹത്തിന്റെ ജീവിതകഥ നമുക്കു നൽകുന്ന സന്ദേശമിതാണ്.** |
| 20 | ഉൽപത്തി 15:6 എഴുതുക. | **‘‘അബ്രാഹം കർത്താവിൽ വിശ്വസിച്ചു. അവിടുന്ന് അത് അവന് നിതീകരണമായി കണക്കാക്കി. ’’** |